# പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2691

18.08.2017-ന് മറുപടിയ്ക്ക്

## <u>ഹൈടെക് ആക്കി നവീകരിക്കുന്ന വിദ്യാലയങ്ങളുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ</u>

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി. അബ്ദുറഹിമാൻ | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി ഹൈടെക് ആക്കി നവീകരിക്കുന്നത് സംബന്ധിച്ച മാസ്റ്റർ പ്ലാൻ എത്ര വിദ്യാലയങ്ങൾ നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; | (എ) 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം' പദ്ധതിയുടെ ഭാഗമായി 8 മുതൽ 12 വരെയുള്ള എല്ലാ ക്ലാസ് മുറികളും ഹൈടെക് ക്ലാസ് മുറികളാക്കി മാറ്റാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ആയതിനാൽ ഈ പ്രവർത്തനങ്ങൾക്ക് മാസ്റ്റർ പ്ലാനിന്റെ ആവശ്യകതയില്ല. |
| (ബി) നിലവിൽ ഏതൊക്കെ വിദ്യാലയങ്ങളിലാണ് ഹൈടെക് നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുള്ളത്; | (ബി) ആലപ്പുഴ, പുതുക്കാട്, കോഴിക്കോട് നോർത്ത്, തളിപ്പറമ്പ് എന്നീ അസംബ്ലി നിയോജകമണ്ഡലങ്ങളിലെ എട്ടുമുതൽ പന്ത്രണ്ടുവരെ ക്ലാസ്സുകളുള്ള എല്ലാ സർക്കാർ, എയ്ഡഡ് സ്കൂളുകളിലും ഹൈടെക് സ്കൂൾ പദ്ധതി പൈലറ്റായി നടപ്പിലാക്കി. മറ്റു മണ്ഡലങ്ങളിലെ സജ്ജമായ ക്ലാസ് മുറികളിലേയ്ക്കുള്ള ഉപകരണവിതരണവും മറ്റു പ്രവർത്തനങ്ങളും 2017 ഒക്ടോബറിൽ ആരംഭിക്കും. |
| (സി) ഹൈടെക് പ്രവൃത്തികൾക്ക് കാലതാമസം ഉണ്ടാക്കുന്ന എന്തെങ്കിലും തടസ്സം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) ഇല്ല. |

(ഡി) സർക്കാർ നല്കുന്ന ഫണ്ടിനു സമാനമായി എം.പി,എം.എൽ.എ, തദ്ദേശസ്ഥാപനങ്ങൾ, എസ്.എസ്.എ, ആർ.എം.എസ്.എ, പി.ടി.എ മറ്റ് സംവിധാനങ്ങൾ എന്നിവ ഉൾപ്പെടെ ഉപയോഗിച്ച് ധനസമാഹരണം നടത്തുമ്പോൾ ,ഇവർക്ക് നൽകേണ്ട മാസ്റ്റർ പ്ലാൻ ലഭ്യമാക്കാൻ എന്ത് സംവിധാനമാണ് ആവിഷ്ക്കരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

(ഡി) ഹൈടെക് പ്രവർത്തികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി മാസ്റ്റർ പ്ലാൻ ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ